# GMLPS MANGALASSERI

**Karuvamburam (PO) Manjeri, Code:18528**

Mail- gmlpsmangalasseri@gmail.com Mob:9656739656


# സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

## ജിഎംഎൽപിഎസ് മംഗലശ്ശേരി

## Academic Year- 2024- 25

**ആമുഖം**

1947 ൽ മംഗലശ്ശേരി പാലക്കുളം ഭാഗത്ത് പ്രവർത്തനമാരംഭിച്ച ജി എം എൽ പി . മംഗലശ്ശേരി സ്കൂളിന് 1948 ജനുവരി 19 ന് മലബാർ ഡിസ്ട്രിക് ബോർഡിൻറെ അംഗീകാരം ലഭിച്ചു. കാരാട്ട് അഹമ്മദ് ഹാജി യുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങിയ വിദ്യാലയം വാടക കെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത് , 1951 -52 ൽ അഞ്ചാം ക്ലാസ് ആരംഭിച്ചെങ്കിലും പിൽക്കാലത്ത് അത് നിർത്തലാക്കി. പിന്നീട് കാരാട്ട് അഹമ്മദ് ഹാജി തൻറെ കെട്ടിടം മഞ്ചേരി യത്തീംഖാനയ്ക്ക് വിറ്റു. 2009 ൽ വഖഫ് ബോർഡ് മുഖേന മഞ്ചേരി സെൻട്രൽ ജുമാ മസ്ജിദിൽ നിന്നും മഞ്ചേരി മുനിസിപ്പാലിറ്റിക്ക് വേണ്ടി ഇമ്പ്ലിമെൻറിംഗ് ഓഫീസർ കെട്ടിടം വിലക്കുവാങ്ങി. പ്രസ്തുത 30 സെന്റിൽ പുതിയ കെട്ടിടത്തിൽ പാലക്കുളം ഭാഗത്ത് സ്കൂളിന്റെ ഒരു ബ്ലോക്ക് പ്രവർത്തിച്ചുവരുന്നു . 2003 ൽ മുൻസിപ്പാലിറ്റിയിലെ മംഗലശ്ശേരി ചുണ്ടയിൽ ഭാഗത്ത് ഒരേക്കർ സ്ഥലം മുൻസിപ്പാലിറ്റി വിലയ്ക്കുവാങ്ങി , പ്രസ്തുത സ്ഥലത്ത് വിവിധ ഏജൻസികളുടെ സഹായത്തോടെ പുതിയ കെട്ടിടം നിർമ്മിക്കുകയും 2005 - 06 വർഷത്തിൽ പാലക്കുളം സ്കൂളിൽനിന്ന് ഓരോ ഡിവിഷൻ ചുണ്ടയിൽ ഭാഗത്തേക്ക് മാറ്റുകയും ഉണ്ടായി. തലമുറകൾക്ക് അക്ഷരദീപമേകി ഇപ്പോൾ ഹൈടെക് വിദ്യാലയത്തിലേക്കുള്ള പടിപടിയായുള്ള ഉയർച്ചയിലാണ് നമ്മുടെ ഈ സർക്കാർ പ്രൈമറി വിദ്യാലയം.

ശ്രീ സക്കീർവല്ലാഞ്ചിറ എസ് എം സി ചെയർമാൻ ആയികൊണ്ടുള്ള കമ്മിറ്റിയാണ് വിദ്യാലയത്തിന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടത്തുന്നത്. എല്ലാ പ്രവർത്തനങ്ങൾക്കും ഒപ്പം നിൽക്കുന്ന മികച്ച ഒരു എംടിയെ കമ്മിറ്റിയും വിദ്യാലയത്തിനുണ്ട്. (MPTA പ്രസിഡണ്ട് ശ്രീമതി സജീന ) മഞ്ചേരി ഉപജില്ല യിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന സർക്കാർ വിദ്യാലയങ്ങളിലൊന്നാണ് ജി എം എൽ പി എസ് മംഗലശ്ശേരി . വിദ്യാലയത്തിന്റെ പരിസരപ്രദേശങ്ങളായ കുമംകുളം ,തച്ചൂർ, മഞ്ചേരി ടൗൺ ,പൊട്ടിക്കുന്ന്, മാടങ്കോട് തുടങ്ങി മഞ്ചേരി യുടെ വിവിധ ഭാഗങ്ങളിൽ നിന്നും കുട്ടികൾ ഇവിടേക്ക് വരുന്നുണ്ട്. പൊതുവേ സമൂഹത്തിലെ പാവപ്പെട്ടവരുടെയും ഇടത്തരക്കാരുടെയും കുട്ടികളാണ് ഇവിടെ പഠിക്കുന്നവരിൽ ഭൂരിഭാഗവും .പഠന - പഠനാനുബന്ധ പ്രവർത്തനങ്ങളിൽ കഴിഞ്ഞ കുറേവർഷങ്ങളായി മഞ്ചേരി സബ് ജില്ലയിൽ ഉന്നത നിലവാരം പുലർത്തുന്ന ഈ വിദ്യാലയം - അക്കാദമിക പ്രവർത്തനങ്ങളിലും പാഠ്യേതര രംഗത്തും - ശാസ്ത്രമേള കലാമേള മറ്റ് മത്സര പരീക്ഷകൾ തുടങ്ങിയവയിലെല്ലാം ഈ വിദ്യാലയത്തിലെ കുട്ടികൾ ഏറെ മുന്നിലാണ്. പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തിൽ നടത്തിയ പ്രവർത്തനങ്ങളുടെ അംഗീകാരം ആയി ഓരോ

വർഷവും പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുന്നു. SMC യും MPTA യും കൗൺസിലർമാരും മുൻസിപ്പൽ അധികൃതരും ഭൗതിക സൗകര്യങ്ങൾ ഒരുക്കാൻ സ്ഥാപനത്തോട് ചേർന്ന് നിൽക്കുന്നത് വിദ്യാലയത്തിന്റെ ഈ കുതിപ്പിന് ആക്കം കൂട്ടുന്നു.

## വിദ്യാലയം സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വരും ഇനി വരുന്ന 15 വർഷക്കാലത്തേക്ക് നേടിയെടുക്കേണ്ട പ്രവർത്തനങ്ങൾ സമഗ്രമായി ചുരുക്കി റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നു

# ഭൗതികം

### ♦ സ്മാട്ട് ക്ലാസ്സ് റൂം

എല്ലാ ക്ലാസ് റൂമുകളിലും പ്രൊജക്ടറുകൾ, വൈറ്റ് ബോർഡുകൾ , സ്മാർട്ട് ബോർഡുകൾ , ഇന്റർനെറ്റ് കണക്ടിവിറ്റി ഉള്ള കമ്പ്യൂട്ടർ / ലാപ്ടോപ്പ് , വിദ്യാഭ്യാസ ആപ്ലിക്കേഷനുകൾ ഉള്ള സോഫ്റ്റ്‌വെയറുകൾ, ഓഡിയോ സിസ്റ്റം, ഇരിപ്പിടങ്ങൾ എന്നിവ ഓരോ ക്ലാസ് റൂമിലും സജ്ജമാക്കേണ്ടതാണ്. [ കാലയളവ് - ഒരു വർഷം മുതൽ മൂന്നുവർഷം വരെ ]
[ സാമ്പത്തികം - 25 ലക്ഷം ]

### ♦ അത്യാധുനിക സ്പീക്കർ സിസ്റ്റം

ശബ്ദാനുഭവം മെച്ചപ്പെടുത്താനും ബ്ലൂടൂത്ത് ,വയർലെസ് കണക്ടിവിറ്റി, തുടങ്ങിയ സ്പീക്കർ സംവിധാനങ്ങൾ ഒരുക്കി മികച്ച നിലവാരത്തിൽ പഠനം ആസ്വാദ്യകരമാക്കുന്നതിന്.
[ കാലയളവ് - 2 വർഷം ]   [ സാമ്പത്തികം - 10 ലക്ഷം ]

### ♦ ജൈവവൈവിധ്യ ഉദ്യാനം

പ്രകൃതിയെ അടുത്തറിയാനും പ്രകൃതി സംരക്ഷണത്തിന്റെ അവബോധം ജനിപ്പിക്കുന്നതിനും ഞാനും ഒരുക്കുന്നതിനും ഉദ്യാനം ഒരുക്കൽ . പ്രകൃതി സൗഹൃദമായി ക്ലാസുകൾ എടുക്കാനുള്ള സൗകര്യം ഒരുക്കൽ .[ കാലയളവ് - 2 വർഷം ]  [ സാമ്പത്തികം - 5 ലക്ഷം ]

## ♦ പാർക്ക്

കുട്ടികളുടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനത്തോടും വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനത്തോടുകൂടിയ ഉപകരണങ്ങൾ ഉള്ള പാർക്കുകൾ [swing, seasaw.. etc ]

[ സാമ്പത്തികം - 3 ലക്ഷം ]

## ♦ ബ്യൂട്ടിഫിക്കേഷൻ

അഴകുള്ള ചുറ്റമതിൽ ( ശിശു സൗഹൃദം), പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചുമർ ചിത്രങ്ങൾ ( ഭൂപടങ്ങൾ,ഗണിത ചിത്രങ്ങൾ, ചിത്രകഥകൾ), ആകർഷകമായ കവാടം, പുൽത്തകിടിയുള്ള മുറ്റം, ശലഭോദ്യാനം എന്നിവ വിദ്യാലയത്തിൽ ഒരുക്കേണ്ടതാണ്. കൂടാതെ മുകൾ നിലയിൽ അര ഭിത്തിക്ക് മുകളിൽ നെറ്റ് ഇടേണ്ടതാണ്.

[ കാലയളവ് 3 വർഷം] [ സാമ്പത്തികം 10 ലക്ഷം ]

## ◇ ഡൈനിങ് ഹാൾ

അത്യാധുനിക സൗകര്യത്തോടുകൂടിയ വിശാലമായ ശീതീകരിച്ച ഡൈനിങ് ഹാൾ. ഇരിപ്പിട സൗകര്യങ്ങളും ഗുണമേന്മയുള്ള പാത്രങ്ങളും ഉണ്ടായിരിക്കണം..

[ സാമ്പത്തികം 10 ലക്ഷം ] [കാലയളവ് 5 വർഷം]

## ◇ സ്കൂൾ സ്റ്റോർ

കുട്ടികൾക്ക് അത്യാവശ്യമായ സാധനങ്ങൾ കണ്ടെത്താനും വാങ്ങാനും ഉള്ള സംവിധാനമാണ് അത്യാധുനിക സംവിധാനങ്ങളോട്ടുകൂടിയ സ്കൂൾ സ്റ്റോർ.. ഡിജിറ്റൽ പെയ്മെന്റ് സൗകര്യപ്രദമാകും. പുറമേയുള്ള കടകളിൽ പോകാതെ കുട്ടികളുടെ പഠനാവശ്യങ്ങൾ നിറവേറ്റാനുള്ള എല്ലാ സാമഗ്രികളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്ന ഇടം

[ കാലയളവ് 10 വർഷം] [ സാമ്പത്തികം 10 ലക്ഷം ]

## ◇ ഓപ്പൺ ടർഫ്

കുട്ടികൾക്ക് വിശാലമായി യോഗ പ്രവർത്തനങ്ങൾ, മാനസിക ഉല്ലാസ കായിക പ്രവർത്തനങ്ങൾ ഇവയിൽ ഏർപ്പെടുന്നതിന് കെട്ടിടത്തിന്റെ മുകൾ നിലയിൽ ഗ്രില്ല് ഇട്ടശേഷം ഗ്രീൻ കാർപെറ്റ് വിരിക്കുക

[ കാലയളവ് -5 വർഷം] [ സാമ്പത്തികം 25 ലക്ഷം ]

## അഡാപ്റ്റഡ്ടോയ്ലറ്റ്

ഭിന്നശേഷി കുട്ടികൾക്ക് വളരെ സൗകര്യപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ അഡാപ്റ്റഡ് ടോയ്ലറ്റ് വിദ്യാലയങ്ങളിൽ ഒരുക്കേണ്ടതുണ്ട്. ഭിത്തിയിൽ കൈപിടിച്ച് നടക്കാൻ റെയിലുകൾ, സെൻസർ ടാപ്പുകൾ മുതലായവ സജ്ജമാക്കേണ്ടതാണ്

[ കാലയളവ് -5 വർഷം] [ സാമ്പത്തികം 15 ലക്ഷം]

# അക്കാദമികം

## ▪ ആധുനിക രീതിയിലുള്ള പഠന പ്രവർത്തനങ്ങൾ

സ്മാർട്ട് ടി വി, പ്രോജക്ടർ, ലാപ്ടോപ് തുടങ്ങിയ സാങ്കേതിക വിദ്യ പ്രയോജനപ്രദമാക്കി കൊണ്ട് കുട്ടികളുടെ അഭിരുചികൾക്കനുസരിച്ചുള്ള പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കുക

( സാമ്പത്തികം-25 ലക്ഷം)

## ▪ സൗഹാർദപൂർണ്ണമായ സ്കൂൾ അന്തരീക്ഷം

നിലവിലെ സാമൂഹിക ചുറ്റുപാടിൽ കുട്ടികളെ കേൾക്കുന്ന അറിയുന്ന അധ്യാപകരുള്ള വിദ്യാലയമാകുക. അതിനുത കുന്ന കൃത്യമായ ഇടപെടലുകൾ വിദ്യാഭ്യാസ മേഖലയിലുള്ളവർ നടത്തുക

## *ഐടി ലാബ്

നൂതനഉപകരണങ്ങളോട്ടുകൂടിയ ഒരു ഐടി ലാബ് സ്കൂളിന് അത്യാവശ്യ മാണ്. കുട്ടികളുടെ വർദ്ധനവും അസൗകര്യങ്ങളും വരും വർഷങ്ങളിൽ ഐടി ക്ലാസ് നടത്തിപ്പ് തടസ്സമാകുന്നത് കൊണ്ട് കിട്ടി ലാബുകൾ സ്കൂളിന് കൂടിയേ തീരൂ. ഒപ്പം കമ്പ്യൂട്ടർ അധ്യാപകർക്ക് പ്രത്യേക പരിശീലനങ്ങളും നൽകണം

( കാലയളവ്- 2 വർഷം ) ( സാമ്പത്തികം= 10 ലക്ഷം

## *ലാപ്ടോപ്പുകളുടെയും ടാബുകളുടെയും വിതരണം

മാറിവരുന്ന പഠന പുരോഗതിക്ക് അനുസരിച്ച് വിദ്യാർത്ഥികൾക്ക് സ്വയം ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള ലാപ്ടോപ്പുകളും ടാബുകളും വിതരണം ചെയ്യണം. ഈ പദ്ധതി കൊണ്ട് കാലങ്ങളിൽ കുട്ടികളെ ഐടി മേഖലയിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുന്നു

( കാലയളവ്= 3 വർഷം ) (സാമ്പത്തികം-25 ലക്ഷം

## *ക്യാമ്പ് പ്രവർത്തനങ്ങൾ

പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ, ടാലന്റ് ടെസ്റ്റ് ക്യാമ്പുകൾ ഡ്രോയിങ് ക്ലാസുകൾ, കരാട്ടെ ക്ലാസുകൾ തുടങ്ങി നിരവധി ക്യാമ്പുകളിൽ പഠന പുരോഗതിയും ഒപ്പം മാനസിക ശാരീരിക വളർച്ചയും ആക്കം കൂട്ടുന്നു.
( സാമ്പത്തികം=3 ലക്ഷം)

## *അറബിക് ലാബ്

500 വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയത്തിൽ ഐടി ലാബും വേണം. ലാബ് പ്രവർത്തനങ്ങൾ വിദ്യാർത്ഥികളിൽ ഈ വിഷയത്തിലുള്ള പ്രാവിണ്യം കൂട്ടുവാൻ സഹായിക്കുന്നു
( കാലയളവ് - 3 വർഷം) (സാമ്പത്തികം-5 ലക്ഷം)

# കായിക പ്രവർത്തനങ്ങൾ

## ➡കായിക പരിശീലനത്തിന് ഉതകുന്ന ഉപകരണങ്ങളും ക്രമീകരണങ്ങളും

മികച്ച കായിക പരിശീലനത്തിന് ഗ്രൗണ്ട് സജ്ജീകരിക്കൽ
ആവശ്യമായ കളി ഉപകരണങ്ങൾ ഒരുക്കൽ eg:ചെസ്സ്, ഫുട്ബോൾ ,ക്രിക്കറ്റ് ബാറ്റ് ,ക്രിക്കറ്റ് ബോൾ,ക്യാരംസ്, ബാസ്കറ്റ് ബോൾ, വോളിബോൾ etc
(സാമ്പത്തികം-2 lakh )

## ➡പ്രത്യേകം പരിശീലനം ലഭിച്ച അധ്യാപകർ

Physical education അധ്യാപകരുടെ സേവനം LP ക്ലാസുകളിലും നടപ്പിലാക്കുക.കുട്ടികളുടെ കഴിവുകൾ പൂർണമായി മനസ്സിലാക്കാൻ ഇതിലൂടെ സാധിക്കുന്നു.

## ➡Indoor games സജ്ജീകരിക്കൽ

Chess , Ludo, building blocks, table Tennis മുതലായ ഇൻഡോർ ഗെയിംസ് സജ്ജീകരണം
(സാമ്പത്തികം-1 lakh )

### ➡കളിയിടങ്ങളുടെ വിപുലീകരണം

**പ്രീ പ്രൈമറി ക്ലാസുകളിലെ കുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടത്തുന്ന കളിയിടങ്ങൾ വിപുലീകരിക്കുക.കൂടുതൽ കായിക ക്ഷമത വർദ്ധിപ്പിക്കുന്ന തരത്തിലുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക. (സാമ്പത്തികം-2 lakh )**

### ➡ക്ലബ്ബുകളുടെ കൂട്ടായ്മയോടുള്ള ടൂർണമെന്റുകൾ

**നാട്ടിലെ ക്ലബ്ബുകളുമായി സഹകരിച്ച് ക്രിക്കറ്റ് ഫുട്ബോൾ മുതലായ ടൂർണമെന്റുകൾ എല്ലാവർഷവും നടപ്പിലാക്കുക.**

**➡കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുതകുന്ന ഭക്ഷണലഭ്യത ഉറപ്പുവരുത്തുക.**

**➡വിദഗ്ധ അധ്യാപകരുടെ സഹായത്തോടെ വിവിധതരം തൊഴിൽ പരിശീലനത്തിന് അവസരം ഒരുക്കൽ eg : Tailoring ,craft etc (സാമ്പത്തികം 2 lakh )**

### ➡നീന്തൽക്കുളം നിർമാണം, Cycling പരിശീലനം

**(സാമ്പത്തികം-2 lakh )**

# <u>സാമൂഹികം</u>

### ♦ മോട്ടിവേഷൻ ക്ലാസ്

**രക്ഷിതാക്കൾക്ക്,കുട്ടികൾക്ക വേണ്ടആത്മവിശ്വാസം നൽകുന്നതിനും പ്രചോദനം നൽകുന്നതിനും പൊതുജന പങ്കാളിത്തത്തോടെ മോട്ടിവേഷൻ ക്ലാസ് നൽകുന്നു.സാമൂഹിക വിപത്തുകൾക്കെതിരെയുള്ള അവബോധം നൽകുന്ന ക്ലാസുകൾ ഇതിൽ ഉൾപ്പെടുത്തുന്നു**

**(കാലയളവ് വർഷത്തിൽ രണ്ട് തവണ ) {സാമ്പത്തികം10000}**

### ♦ഗൃഹസന്ദർശനം

**കുട്ടികളുടെ ജീവിത പശ്ചാത്തലം മനസ്സിലാക്കുന്നതിനും വീടും തമ്മിലുള്ള ആരോഗ്യകരമായ ബന്ധം മെച്ചപ്പെടുത്താനും സഹായകം**

**( കാലയളവ് വർഷത്തിലൊരിക്കൽ ) {സാമ്പത്തികം5000}**

## ♦കോർണർ പിടിഎ

രക്ഷിതാക്കളുടെ പൂർണ്ണപങ്കാളിത്തം ഉൾപ്പെടുത്തുന്നതിന് വേണ്ടി പൊതുവിടങ്ങളിൽ പ്രത്യേക ബോധവൽക്കരണ ക്ലാസുകളും മീറ്റിങ്ങുകളും നടത്തുക വഴി സ്കൂളിന്റെ പ്രവർത്തനങ്ങളും കുട്ടികളുടെ പഠന പുരോഗതിയും മനസ്സിലാക്കുന്നതിന് സഹായകം

( കാലയളവ് വർഷത്തിൽ 2 തവണ ) {സാമ്പത്തികം 5000}

## ♦പഠനോപകരണ ശില്പശാല

പഠനോപകരണങ്ങൾ പഠന പ്രവർത്തനങ്ങളെ എങ്ങനെ സഹായിക്കും എന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതിനും ലളിതമായ പഠനോപകരണങ്ങൾ എങ്ങനെ വീട്ടിൽ നിർമ്മിക്കാം എന്ന് പരിശീലനം നൽകുന്നതിനും ഉതകുന്ന ശില്പശാല

( കാലയളവ് വർഷത്തിൽ രണ്ട് തവണ ) {സാമ്പത്തികം 5000}

## ♦സഹവാസ ക്യാമ്പ്

കുട്ടികൾക്ക് പഠനത്തോടൊപ്പം മാനസിക ഉല്ലാസം കലാകായിക പരിശീലനം സർഗാത്മക കഴിവുകൾ വളർത്തുന്നതിനും ഉതകുന്ന തരത്തിലുള്ള സഹവാസ ക്യാമ്പുകൾ സ്കൂളുകളിൽ നടത്തേണ്ടതുണ്ട്

(കാലയളവ് വർഷത്തിലൊരിക്കൽ ) {സാമ്പത്തികം 50000}

## ♦പ്രഭാത ഭക്ഷണം

പൊതുജന പങ്കാളിത്തത്തോടെ പോഷകസമ്പുഷ്ടമായ പ്രഭാത ഭക്ഷണം നൽകൽ

(കാലയളവ് എല്ലാ പ്രവർത്തി ദിവസങ്ങളിലും ) {സാമ്പത്തികം 1,00,000}

***-------------------------------***

**ഹെഡ്മാസ്റ്റർ /കൺവീനർ**

**ജയ്ദീപ്. കെ**

**ചെയർമാൻ**

**എൻ ടി സുലൈഖ (വാർഡ് കൗൺസിലർ)**

**ഫാത്തിമ വല്ലാഞ്ചിറ (വാർഡ് കൗൺസിലർ )**

**ശ്രീ. സക്കീർവല്ലാഞ്ചിറ**

**(എസ് എം സി ചെയർമാൻ )**

**സജീന .എ**

**( എം പി ടി എ .പ്രസിഡണ്ട് )**